# ഈ ചരിത്ര ദൗത്യം ഏറ്റെടുക്കുക

ഹൽഖാ അമീർ

**ജമാഅത്തെ** ഇസ്‌ലാമി ആദ്യനാൾ തൊട്ട് സാമുദായിക ധ്രുവീകരണത്തിനും വർഗീയ വിദ്വേഷങ്ങൾക്കും മതപരമായ അസഹിഷ്ണുതക്കും അറുതിവരുത്തി വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ഐക്യവും സ്നേഹവും സൗഹൃദവും വളർത്താനാണ് ശ്രമിച്ചുപോന്നത്. സമാധാനവും സൈ്വരവും നിലനിൽക്കുന്ന സാഹചര്യത്തിൽ മാത്രമേ ഇസ്‌ലാമിന്റെ യഥാർഥ പ്രതിനിധാനം പ്രായോഗികവും ഫലപ്രദവുമാവുകയുള്ളൂവെന്ന് അത് ഉറച്ചുവിശ്വസിക്കുന്നു.

നമ്മുടെ ഭരണഘടന സാമൂഹികനീതിയും മനുഷ്യാവകാശങ്ങളും ഊന്നിപ്പറയുന്നുണ്ടെങ്കിലും രാജ്യത്ത് ഉള്ളവനും ഇല്ലാത്തവനുമിടയിലുള്ള വിടവ് കുറയുകയല്ല; കൂടുകയാണുണ്ടായത്. ലോകത്ത് ഏറ്റവും കൂടുതൽ നിരക്ഷരരുള്ള രാജ്യങ്ങളിലൊന്നാണ് നമ്മുടേത്. സാധാരണക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികളിലേറെയും പ്രായോഗികരംഗത്ത് അഴിമതിയുടെയും സ്വജനപക്ഷപാതിത്വത്തിന്റെയും കെടുകാര്യസ്ഥതയുടെയും ഫലമായി പരാജയപ്പെടുന്നു. കിടപ്പാടമെന്നല്ല, കുടിവെള്ളം പോലും ലഭിക്കാതെ കഷ്ടപ്പെടുന്ന ജനകോടികൾ ചാന്ദ്രയാനത്തിന്റെ വിജയാരവങ്ങൾക്ക് മങ്ങലേൽപിക്കുന്നു. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും പേരിൽ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തികനയം ധനിക-ദരിദ്ര വിടവ് ഭീതിജന്യമാം വിധം വർധിപ്പിക്കുകയും ബഹുഭൂരിപക്ഷത്തിന്റെയും ജീവിതം ദുസ്സഹമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. രാജ്യനിവാസികളോട് പ്രതിബദ്ധതയുള്ള ആരെയും സജീവമായ ഇടപെടലിന് നിർബന്ധിക്കുന്ന സാഹചര്യമാണിത്.

പൂർവികർ പാടുപെട്ട് നേടിയെടുത്ത സ്വാതന്ത്ര്യം വൈദേശികശക്തികൾക്ക് മൊത്തമായും ചില്ലറയായും വിൽക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. സി.ഐ.എ, മൊസാദ് പോലുള്ള വിദേശ ചാര സംഘങ്ങൾ രാജ്യത്തിനകത്ത് സൈ്വരവിഹാരം നടത്തുന്നു.

രാജ്യത്തെ പ്രബല ന്യൂനപക്ഷമായ മുസ്‌ലിംകൾ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭരണ, ഉദ്യോഗരംഗങ്ങളിൽ ശോചനീയമാംവണ്ണം പിന്നാക്കമാണ് . അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർഗീയ കലാപങ്ങൾ അവരിൽ കടുത്ത അരക്ഷിതബോധം വളർത്തുന്നു. എന്നാൽ അതിനേക്കാളെല്ലാം ഇന്ത്യൻ മുസ്‌ലിംകളെ ഇന്ന് പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്നത് ഭീകരവേട്ടയുടെ പേരിൽ ഭരണകൂടങ്ങളും നിയമപാലകരും മാധ്യമങ്ങളും കാട്ടിക്കൂട്ടുന്ന ക്രൂരകൃത്യങ്ങളാണ്. ഇന്ത്യയിലെ ഇതര ന്യൂനപക്ഷങ്ങളും ആദിവാസികളും ദലിതുകളുമെല്ലാം വ്യത്യസ്ത തലങ്ങളിലുള്ള നീതിനിഷേധങ്ങൾക്ക് ഇരകളായിക്കൊണ്ടിരിക്കുന്നു. ഏതൊരു മനുഷ്യസ്നേഹിയെയും അസ്വസ്ഥപ്പെടുത്തുന്നതും കർമരംഗത്തിറങ്ങാൻ നിർബന്ധിക്കുന്നതുമാണ് ഈ സ്ഥിതിവിശേഷം.

ജമാഅത്തെ ഇസ്‌ലാമി രൂപീകരണകാലം മുതൽതന്നെ രാജ്യത്തെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെട്ടുപോന്നിട്ടുണ്ട്. 1961-ൽ രാഷ്ട്രീയരംഗത്ത് കുറേകൂടി സജീവമായി ഇടപെടുന്നതിനെ കുറിച്ച് ആലോചിക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു. 1965ൽ അതിനാവശ്യമായ പ്രായോഗിക പരിപാടികൾ ആവിഷ്കരിച്ചു. എങ്കിലും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാൻ തീരുമാനിച്ചത് 1985ലാണ്. ആദ്യഘട്ടത്തിൽ വർഗീയ, സർവാധിപത്യ കക്ഷികളിൽ പെടാത്ത മൂല്യബോധമുള്ള സ്ഥാനാർഥികൾക്ക് വോട്ടു നൽകുന്നതിൽ പരിമിതമായിരുന്നു ജമാഅത്തിന്റെ രാഷ്ട്രീയ പ്രവർത്തനം. പിന്നീട് വർഗീയ, ഫാഷിസ്റ്റ് കക്ഷികൾക്കും സ്ഥാനാർഥികൾക്കുമെതിരെ മതനിരപേക്ഷ, അവർഗീയ സ്ഥാനാർഥികളെ പിന്തുണക്കുന്ന സമീപനം സ്വീകരിച്ചു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും പിന്നീട് നടന്ന അസംബ്ലി തെരഞ്ഞെടുപ്പുകളിലും വർഗീയ ഫാഷിസ്റ്റുകൾ അധികാരത്തിൽ വരാതിരിക്കാൻ പരമാവധി ശ്രമങ്ങൾ നടത്തുകയും ചെയ്തു.

രാഷ്ട്രീയത്തിൽ കുറേകൂടി സക്രിയമായി ഇടപെടാൻ ആവശ്യപ്പെടുന്ന ദേശീയ സാഹചര്യം ഉളവായിരിക്കുകയാണിപ്പോൾ. ഇന്ത്യയിൽ മാനവികമൂല്യങ്ങളിലും രാജ്യക്ഷേമത്തിലും ഊന്നി പ്രവർത്തിക്കുന്ന പുതിയ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അനിവാര്യത ഇന്നാർക്കും നിഷേധിക്കാനാവില്ല. അതു സംബന്ധിച്ച ചർച്ച കഴിഞ്ഞ കുറേ വർഷങ്ങളായി ജമാഅത്തെ ഇസ്‌ലാമിയുടെ വിവിധ തലങ്ങളിൽ നടന്നുകൊണ്ടിരുന്നു. നിരന്തരമായ ചർച്ചകളുടെയും സാധ്യതാ പഠനങ്ങളുടെയും ഒടുവിൽ കഴിഞ്ഞ ഒക്ടോബർ രണ്ടാം വാരത്തിൽ ദൽഹിയിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ മജ്‌ലിസ് ശൂറ ദേശീയാടിസ്ഥാനത്തിൽ ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കാൻ ജമാഅത്തെ ഇസ്‌ലാമി മുൻകൈയെടുക്കണമെന്ന് തത്വത്തിൽ തീരുമാനിച്ചിരിക്കുന്നു. ആദിവാസി-ദലിത് സമൂഹങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും മറ്റു പാർശ്വവത്കൃത വിഭാഗങ്ങളുടെയും അവകാശ സംരക്ഷണത്തിലും രാജ്യത്ത് പിടിമുറുക്കിക്കൊണ്ടിരിക്കുന്ന സാമ്രാജ്യത്വത്തെയും വർഗീയ ഫാഷിസത്തെയും ചെറുക്കുന്നതിലും ഭരണതലത്തിൽ നടമാടുന്ന അഴിമതിയും കെടുകാര്യസ്ഥതയും നിർമാർജനം ചെയ്യുന്നതിലും ഊന്നി പ്രവർത്തിക്കുന്ന ഈ രാഷ്ട്രീയ കൂട്ടായ്മ ഇന്ത്യയിലെ എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്നതായിരിക്കും. അടുത്ത ജനുവരിയിൽ നടക്കുന്ന കേന്ദ്ര ശൂറായോഗമാണ് അതിന്റെ വിശദാംശങ്ങൾക്ക് രൂപം നൽകുക.

ഇന്ത്യൻ ജനതക്ക് നിരവധി സേവനങ്ങളർപ്പിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ മഹത്തായ മറ്റൊരു സംഭാവനയാണ് രൂപീകരിക്കാനിരിക്കുന്ന രാഷ്ട്രീയ പാർട്ടി. അത് മുഴുവൻ രാജ്യനിവാസികൾക്കുമുള്ളതാണ്. മൗലികാവകാശങ്ങളും സാമൂഹികനീതിയും നിഷേധിക്കപ്പെടുന്നവർക്കായി നിലകൊള്ളുന്നതോടൊപ്പം, രാജ്യത്തെ മൗലിക മാനവികമൂല്യങ്ങളിലധിഷ്ഠിതമായ ക്ഷേമ രാഷ്ട്രമാക്കാൻ ലക്ഷ്യം വെച്ചുള്ളതും.

ജമാഅത്തിന്റെ മറ്റെല്ലാ സംരംഭങ്ങളെയും നെഞ്ചേറ്റു വാങ്ങി വിജയിപ്പിച്ചെടുത്ത അതിന്റെ പ്രവർത്തകർ ചരിത്രം നമ്മിലർപ്പിച്ച ഈ മഹാസംരംഭം ഏറ്റെടുക്കാൻ തയാറെടുപ്പുകളാരംഭിക്കേണ്ട സന്ദർഭമായിരിക്കുന്നു എന്നോർമിപ്പിക്കുകയാണ്. ■